TB Movie Panel Weekly Review

#moviepanel

ഭീമന്റെ വഴി

Written By: Jithesh Mangalath

ഒരു സിനിമ കണ്ടുകൊണ്ടിരിക്കുമ്പോൾ ഏറ്റവും സന്തോഷമനുഭവപ്പെടുന്ന കാര്യം അഭിനേതാക്കൾക്കനുസരിച്ചുള്ള കഥാപാത്രങ്ങളെന്ന് തോന്നുന്നതിനേക്കാൾ കഥാപാത്രങ്ങൾക്കനുസരിച്ചുള്ള അഭിനേതാക്കളാണെന്ന് അവരുടെ പ്രകടനം കൊണ്ട് ബോധ്യപ്പെടുമ്പോഴാണ്.ഭീമന്റെ വഴി കൃത്യമായും അത്തരമൊരു സിനിമയാണ്.കാലിനനുസരിച്ചുള്ള ചെരിപ്പാണ് ഈ ഭീമന്റേത്;അതൊരിക്കലും ചെരിപ്പിനനുസരിച്ചുള്ള കാലുമുറിക്കലാവുന്നില്ല.

അഷ്റഫ് ഹംസയുടെ ആദ്യസംവിധാന സംരംഭമായ തമാശ ഹൃദയത്തോട് വളരെയധികം ചേർന്നു നിൽക്കുന്ന ഒരു സിനിമയായിരുന്നു.ഭീമന്റെ വഴിയിലെത്തുമ്പോഴും അഷ്റഫ് വഴി മാറി നടക്കുന്നില്ല.കാര്യമായ പേസ് ഷിഫ്റ്റൊന്നും കൂടാതെ കടന്നു പോകുന്ന സിനിമ മിനിമലിസ്റ്റിക്കും അതേസമയം തന്നെ എൻഗേജിംഗുമായ ഹ്യൂമറിലൂടെയാണ് ആഖ്യാനം ചെയ്യപ്പെടുന്നത്.രണ്ടു മണിക്കൂറിൽ താഴെ മാത്രം ദൈർഘ്യമുണ്ടായിട്ടും കാരക്ടർ എസ്റ്റാബ്ലിഷ്മെന്റിന്റെ കാര്യത്തിൽ രചയിതാവായ ചെമ്പൻ വിനോദ് ജോസ് പ്രശംസനീയമാം വിധം വിജയിച്ചിട്ടുണ്ട്.കേവലമൊരു നോട്ടം കൊണ്ടോ,ഒരു ചെറിയ ഒറ്റവരി ഡയലോഗ് കൊണ്ടോ ഒക്കെ കഥാപാത്രങ്ങളെ പ്രേക്ഷകന്റെയുള്ളിൽ പതിപ്പിക്കാൻ സംവിധായകനും,തിരക്കഥാകൃത്തിനും കഴിയുന്നുണ്ട്.സട്ടിലിറ്റിയും,സമാസമം ചേരുന്ന രീതിയിലാണ് ഹ്യൂമർട്രാക്ക് ഏതാണ്ട് മുഴുവനായും തന്നെ കടന്നു പോകുന്നത്.

നമ്മൾ കണ്ടുപരിചയിച്ചിട്ടുള്ള കുഞ്ചാക്കോ ബോബൻ കഥാപാത്രങ്ങളിൽ നിന്നും ഒരിത്തിരി വ്യത്യസ്തനാണ് ഭീമന്റെ വഴിയിലെ ഭീമൻ അഥവാ സഞ്ജു.അങ്ങനെ പറയുമ്പോൾ ചാക്കോച്ചനെ നിർവ്വചിക്കുന്ന ചോക്ലേറ്റ് ഹീറോ കഥാപാത്രങ്ങളെ മാത്രമല്ല ഉദ്ദേശിക്കുന്നത് മറിച്ച് അയാളുടെ ഗ്രേ ഷേഡഡ് കഥാപാത്രങ്ങളായ ട്രാഫിക്കിലെ ഡോക്ടർ ഏബലിനെയും,വേട്ടയിലെ മെൽവിനെയും കൂടിയാണ്.ഭീമൻ സൗമ്യനും അതേ സമയം തന്നെ ചാക്കോച്ചന്റെ നിഷ്കളങ്കരായ നായകരിൽ നിന്നും വ്യത്യസ്തനുമാണ്.ശരീരം കൊണ്ടല്ലാതെ ആത്മാവിനെക്കൊണ്ട് പ്രണയിക്കുന്ന ടിപ്പിക്കൽ കുഞ്ചാക്കോ ബോബൻ ടെംപ്ലേറ്റല്ല ഭീമന്റേത്.പാറ്റേണിൽ നിന്നും മാറി നടക്കാൻ അയാൾ കാണിക്കുന്ന

ആർജവം അഭിനന്ദനമർഹിക്കുന്നു.കനകം കാമിനി കലഹത്തിൽ മികച്ച പ്രകടനം കാഴ്ച്ച വെച്ച വിൻസി അലോഷ്യസ് ഇവിടെയും ഗംഭീരമായിത്തന്നെ പെർഫോം ചെയ്തിട്ടുണ്ട്.നോട്ടങ്ങളിലും,ശരീരചലനങ്ങളിലുമുള്ള മൂർച്ച പ്രശംസനീയമാണ്.പ്രണയത്തെക്കുറിച്ച് വിൻസി ചാക്കോച്ചനോട് സംസാരിക്കുന്നതിനിടയിൽ 'കണക്ഷൻ' എന്ന ഫീച്ചർ പരാമർശിക്കുമ്പോഴുള്ള അവരുടെ വോയ്സ് മോഡുലേഷനും,ആ വാക്കുച്ചരിച്ചതിനു ശേഷം ചായക്കപ്പിനാൽ മുഖഭാവം മറയ്ക്കുന്നതുമൊക്കെ അതിശയിപ്പിക്കുന്ന കയ്യടക്കത്തോടെയാണ്.നസീർ സംക്രാന്തി,ബിനു പപ്പു എന്നിവർ ഹ്യൂമർ ഡിപ്പാർട്ട്മെൻറ് ഭംഗിയായി കൈകാര്യം ചെയ്തപ്പോൾ ജിനു ജോസഫിന്റെ പ്രതിനായകകഥാപാത്രം അയാളുടെ ടെംപ്ലേറ്റഡ് വേർഷനുകളിൽ നിന്നുള്ള രസകരമായ ഒരു മാറ്റമാണ്.ദിവ്യ എം നായരുടെ കൗൺസിലർ കഥാപാത്രവും,സതീഷ് സാറിന്റെ ജോൺസണും തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിക്കുന്നവയാണ്.

പെൺകഥാപാത്രങ്ങളെയും,അവരുടെ ജീവിതങ്ങളെയും-അതിപ്പോൾ ഭീമന്റെ സുഹൃത്തായ അഡ്വക്കറ്റായാലും,ചിന്നു ചാന്ദ്നിയുടെ ജൂഡോ ടീച്ചറായാലും-ഫോക്കസ് ചെയ്യുന്നതിൽ ചെമ്പൻ വിനോദ് സുന്ദരമായി ഫോക്കസ് ചെയ്തിട്ടുണ്ട്.മുഖ്യധാരയുടെ അരികു ചേർന്ന് കടന്നു പോകുന്ന വെറും വർണ്ണപ്പട്ടങ്ങളല്ല അവരിവിടെ.ഒരൽപ്പം സിനിമാറ്റിക്കായ ക്ലൈമാക്സിൽ പോലും ചെമ്പൻ വിനോദിന്റെ ഈ ഫോക്കസ് സിനിമയ്ക്ക് ഒരു പുതുമ നൽകുന്നുണ്ട്.ആക്ഷേപഹാസ്യവും,വൈകാരികതകളും കൃത്യമായി ബ്ലെൻഡ് ചെയ്യപ്പെടുന്നിടത്ത് ഈ ഭീമന്റെ വഴി പ്രേക്ഷകന്റെ ഉള്ളിലേക്ക് ഇഷ്ടത്തിന്റെ ഒരു പാലമിടുകയാണ്.

വെർഡിക്റ്റ്:സുന്ദരം❤️

PS:ചിത്രത്തിലൊരിടത്ത് മധ്യവയസ്കരായ റീത്തയും,പഴയ കളിക്കൂട്ടുകാരനായ ഡോക്ടറും തമ്മിൽ കണ്ണുകളാൽ പങ്കിടുന്ന ഒരു പ്രണയകഥയുണ്ട്.ഓർമ്മകളിലേക്ക് മുങ്ങാംകുഴിയിടുമ്പോൾ ഓഫ് മേക്കപ്പിലും അവരിരുവരുടെയും മുഖങ്ങൾക്കെന്തു തുടിപ്പായിരുന്നെന്നോ?!